"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

നെടുമങ്ങാട് നഗരസഭയിലെ ശ്രീമതി. ഉഷാകുമാരി, ഉഷാമന്ദിരം, നീതികുന്നം, പൂവ്വത്തൂർ പി.ഒ എന്നവർക്ക് ഇ.എം.എസ് ഭവന പദ്ധതിക്കായി വിറ്റ ഭൂമിയുടെ വില നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1732/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/09/2020**

---

പരാമർശം:- 1 നെടുമങ്ങാട് നഗരസഭാ സെക്രട്ടറിയുടെ 14/08/2019ലെ UPA2-12098/12 നമ്പർ കത്തും നഗരസഭാ ഭരണ സമിതി തീരുമാനവും.

2 നഗരകാര്യ ഡയറക്ടറുടെ 04/12/2019, 16/06/2020 തീയതികളിലെ യഥാക്രമം ഡിസി4-20374/19, ഡിസി4-26343/19 നമ്പർ കത്തുകൾ.

**ഉത്തരവ്**

നെടുമങ്ങാട് നഗരസഭയിലെ വീടും സ്ഥലവും ഇല്ലാത്തവർക്ക് 2011-12 സാമ്പത്തിക വർഷം ഇ.എം.എസ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങി നൽകുന്നതിന് നെടുമങ്ങാട് വില്ലേജിൽ ചെല്ലാംകോട് മുറിയിൽ പൂവത്തൂർ വേട്ടക്കോണം പുതുവൽ പുത്തൻ വീട്ടിൽ ചെല്ലമ്മ മകൾ നളിനമ്മയെ ഗുണഭോക്താവായി തെരഞ്ഞെടുത്തിരുന്നു.

2. തുടർന്ന് ശ്രീമതി. ഉഷാകുമാരി, ഉഷാമന്ദിരം, നീതികുന്നം, പൂവ്വത്തൂർ പി.ഒ എന്നവർ തന്റെ പേരിലുള്ള മൂന്ന് സെന്റ് സ്ഥലം 1,75,000 രൂപ സമ്മതിച്ച് ശ്രീമതി. നളിനമ്മയുടെ പേർക്ക് വിലാധാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. നഗരസഭയിൽ നിന്നും നൽകിയ കത്ത് പ്രകാരം ഇതിനെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കി നൽകിയിട്ടുള്ളതുമാണ്. ശ്രീമതി. ഉഷാകുമാരി മകളുടെ വിവാഹ ആവശ്യത്തിനാണ് വസ്തു വിൽക്കാൻ തീരുമാനിച്ചത് എന്നും ടി തുക ലഭിക്കാത്തതിനാൽ വായ്പ എടുത്ത് മകളുടെ വിവാഹം നടത്തി എന്നും പ്രസ്തുത കടം വീട്ടാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ശ്രീമതി നളിനമ്മ ടി വസ്തു പോക്കുവരവ് ചെയ്ത് കരം ഒടുക്കി വരികയാണ്. ഇതു സംബന്ധിച്ച് സകല റവന്യൂ റിക്കാർഡുകളും ശ്രീമതി. നളിനമ്മയുടെ പേരിലും അവകാശത്തിലുമാണ്.

3. ശ്രീമതി. നളിനമ്മ എഗ്രിമെന്റ് സമർപ്പിച്ചത് 2012 ജൂലൈ 17-ാം തീയതിയായിരുന്നു. എന്നാൽ ഇ.എം.എസ് ഭവന പദ്ധതിയുടെ കാലാവധി 2012 മാർച്ച് 31ന് അവസാനിച്ചതിനാൽ ടി തുക നൽകാൻ നഗരസഭക്ക് സാധിച്ചിട്ടില്ല. 30/07/2019ലെ കൗൺസിൽ തീരുമാനം I (a) പ്രകാരം ശ്രീമതി. ഉഷാകുമാരിക്ക് നഗരസഭാ തനത് ഫണ്ടിൽ നിന്നും 1,75,000/- രൂപ നൽകുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിനും അനുമതി ലഭ്യമാകുന്ന മുറക്ക് തുക നൽകുന്നതിന് അനുവാദം നൽകുന്നതിനും തീരുമാനമെടുത്തിട്ടുള്ളതാണ്.

4. സ്വന്തം വസ്തുവിറ്റിട്ടും ആയതിന്റെ വില ലഭിക്കാത്ത എസ്.സി വിഭാഗത്തിൽപ്പെട്ട

നിർദ്ധനയായ ശ്രീമതി. ഉഷാകുമാരിയുടെ സ്ഥിതി പരിഗണിച്ച് നെടുമങ്ങാട് നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ (30/07/2019ലെ 1(എ) ) അടിസ്ഥാനത്തിലും ടിയാൾക്ക് തുക ലഭിക്കാൻ അർഹതയുണ്ടെന്നുള്ള വസ്തുത പരിഗണിച്ചും ശ്രീമതി. ഉഷാകുമാരിക്ക് ടി തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകണമെന്നാണ് നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിരിക്കുന്നത്.

5. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ഉഷാകുമാരിക്ക് 175000/- രൂപ (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) നെടുമങ്ങാട് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, നെടുമങ്ങാട് നഗരസഭ

ശ്രീമതി. ഉഷാകുമാരി, ഉഷാമന്ദിരം, നീതികുന്നം, പൂവ്വത്തൂർ പി.ഒ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by LEENAMMA P A
Date: 2020.09. 14:44:31 IST
സെക്ഷൻ ഓഫീസർ